ഇലക്ട്രിസിറ്റി ബോർഡ് സർക്കാർ കണക്കിൽ ചെലവെഴുതിയ പലിശയും വാർഷികാദായ വിഹിതവും

69 (1221) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1996-97 മുതൽ ഓരോ വർഷവും ഇലക്ട്രിസിറ്റി ബോർഡ് സർക്കാർ കണക്കിൽ ചെലവെഴുതിയ പലിശയും വാർഷികാദായ വിഹിതവും എത്ര രൂപ വീതമാണെന്നും സർക്കാരിലടച്ചത് എത്ര രൂപ വീതമാണെന്നും വ്യക്തമാക്കുമോ ;

(ബി) ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സർക്കാരിന് ലഭിക്കാനുള്ള പലിശകുടിശ്ശികയും വാർഷികാദായ വിഹിതത്തിലുള്ള കുടിശ്ശികയും വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(സി) ഇലക്ട്രിസിറ്റി ബോർഡിന് ഗവൺമെന്റ് നൽകിയിട്ടുള്ള കടവും പലിശയും ഇക്വിറ്റി ഷെയറാക്കി മാറ്റിയിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ ഇക്വിറ്റി ഷെയറാക്കി മാറ്റിയ കടവും പലിശയും ഇക്വിറ്റി ഷെയറിൽ നിന്നും ലഭിക്കേണ്ട വാർഷികാദായവും എത്രയെന്ന് വ്യക്തമാക്കുമോ ;

(ഇ) നിയമസഭയുടെ അനുമതിയോട് കൂടിയാണോ കടവും പലിശയും ഇപ്രകാരം ഇക്വിറ്റി ഷെയറാക്കി മാറ്റിയതെന്ന് വ്യക്തമാക്കുമോ ;

(എഫ്) ഇലക്ട്രിസിറ്റി സപ്ലൈ നിയമത്തിലെ ഏതു വകുപ്പുപ്രകാരമാണ് ഗവൺമെന്റ് ബോർഡിന് നൽകിയ കടവും പലിശയും ഇക്വിറ്റി ഷെയറാക്കിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) 1996-97 മുതൽ ഇലക്ട്രിസിറ്റി ബോർഡ് സർക്കാരിന് പലിശ ഇനത്തിൽ കൊടുക്കാനുള്ള തുക ഇപ്രകാരമാണ്.

1996-97	-	99.28 കോടി രൂപ
1997-98	-	102.37 കോടി രൂപ
1998-99	-	8.02 കോടി രൂപ
1999-2000	-	25.29 കോടി രൂപ

(താല്കാലിക വാർഷിക കണക്ക്)

പലിശ ഇനത്തിൽ സർക്കാരിന് ബോർഡ് ചെലവെഴുതിയ തുക, ബോർഡ് തുകയായി സർക്കാരിലേക്ക് അടച്ചിട്ടില്ല. ഇലക്ട്രിസിറ്റി ബോർഡിൽ നിന്നും സർക്കാരിന് കൊടുക്കാനുള്ള പലിശ കുടിശ്ശിക താഴെ പറയുംപ്രകാരമാണ്.

1996-97	-	582.18 കോടി രൂപ
1997-98	-	684.55 കോടി രൂപ
1998-99	-	164.57 കോടി രൂപ
1999-2000	-	189.85 കോടി രൂപ

(താല്കാലിക കണക്കനുസരിച്ച്)

LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭയിൽ ചർച്ച ചെയ്ത് സർക്കാർ പ്രഖ്യാപിച്ച വൈദ്യുതോർജ്ജ നയമനുസരിച്ച്, വൈദ്യുതി ബോർഡ് 31-3-1998 വരെ സർക്കാരിൽ നിന്നും എടുത്തിട്ടുള്ള വായ്പ തുകയായ 1025 കോടിയും 31-3-1997 വരെ പലിശ ഇനത്തിൽ ബോർഡ് നല്കാനുള്ള തുകയിൽ ഒരു ഭാഗമായ 528 കോടി രൂപയും ചേർത്ത് 1553 കോടി രൂപ 14-9-1998-ലെ ജി.ഒ.(എം.എസ്)27/98/പി.ഡി. പ്രകാരം ഇക്വിറ്റി ആക്കിയിട്ടുണ്ട്. 1998-99-ലാണ് ടി തുക ബോർഡിന്റെ കണക്കിൽ ഇക്വിറ്റിയായി ഉൾപ്പെടുത്തിയിരിക്കുന്നത്. സർക്കാരിന്റെ വൈദ്യുതോർജ്ജ നയമനുസരിച്ച് ഇക്വിറ്റിയിന്മേൽ പരമാവധി 16 ശതമാനം ലാഭം ബോർഡ് ഉണ്ടാക്കണമെന്നാണ് വ്യവസ്ഥ. വാർഷികാദായ വിഹിതം നൽകാനുള്ള തരത്തിൽ ബോർഡിന് വാർഷികാദായം ഉണ്ടായിട്ടില്ല. അതിനാൽ ബോർഡ് സർക്കാരിന് വാർഷികാദായ വിഹിതം നല്കിയിട്ടില്ല.

(ഇ&എഫ്) കേരള നിയമസഭയിൽ ചർച്ച ചെയ്ത് പ്രഖ്യാപിച്ച വൈദ്യുതോർജ്ജ നയമനുസരിച്ച് 14-9-1998-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് സർക്കാർ ബോർഡിന് നല്കിയ വായ്പയും അതിനുമേലുള്ള പലിശയും ഇക്വിറ്റിയായി മാറ്റിയത്. മേല്പറഞ്ഞ ഉത്തരവ് മന്ത്രിസഭയുടെ അംഗീകാരത്തോട് കൂടിയാണ് പുറപ്പെടുവിച്ചിട്ടുള്ളത്.

'വൈദ്യുതി ബിൽ 2000'

70 (1222) ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേന്ദ്ര സർക്കാരിന്റെ വൈദ്യുതി ബിൽ 2000 നടപ്പാക്കുന്നതിനെ സംബന്ധിച്ച് സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

കേന്ദ്ര സർക്കാർ വിഭാവനം ചെയ്തിട്ടുള്ള "വൈദ്യുതി ബിൽ 2000" സ്വകാര്യവൽക്കരണം ലക്ഷ്യമിടുന്നതുകൊണ്ടും ഉപഭോക്താക്കളുടെയും വൈദ്യുതി ബോർഡ് ജീവനക്കാരുടെയും താല്പര്യത്തിന് ഹാനികരവുമായതിനാൽ സംസ്ഥാന സർക്കാർ ഈ ബിൽ നടപ്പിലാക്കുന്നതിന് അനുകൂലമല്ല. സംസ്ഥാന സർക്കാരിന്റെ എതിർപ്പ് ഡൽഹിയിൽ നടന്ന വിദ്യുച്ഛക്തി വകുപ്പുമന്ത്രിമാരുടെ യോഗത്തിൽ സംസ്ഥാന വിദ്യുച്ഛക്തി വകുപ്പുമന്ത്രി അറിയിക്കുകയും കേന്ദ്രസർക്കാരിനെ കത്തെഴുതി അറിയിക്കുകയും ചെയ്തിട്ടുണ്ട്.

അഡ്വാൻസ് തുക വിതരണം

71 (1223) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 31-1-2001-ലെ കണക്കനുസരിച്ച് മതിയായ രേഖകളില്ലാതെ ഇലക്ട്രിസിറ്റി ബോർഡ് അഡ്വാൻസ് തുകയിൽ വിതരണം ചെയ്തിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly